# ഹജ്ജ് അപേക്ഷകരുടെ ദുരിതങ്ങൾ

**ഈ** വർഷം സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജിന് പോകാൻ അവസരം ലഭിച്ചവർ 7208 പേർ മാത്രം. 29054 അപേക്ഷകരിൽ 21846 പേർക്കും ഹജ്ജിന് അവസരമില്ല.


മുംബൈയിലെ കേന്ദ്ര ഹജ്ജ്കമ്മിറ്റി ഓഫീസാണ് ഇത്തവണ കമ്പ്യൂട്ടർ നറുക്കെടുപ്പ് നിയന്ത്രിച്ചത്. ഇവ സ്ക്രീനിൽ കാണിക്കുന്ന ചുമതല മാത്രമാണ് സംസ്ഥാന ഹജ്ജ് കമ്മിറ്റിക്കുണ്ടായത്. വളരെ നിസ്സാരമായിട്ടാണ് അധികാരികൾ ഇതിനെ കാണുന്നത്. ഒരു വിശ്വാസി വർഷങ്ങളായി മനസ്സിൽ കാത്തുസൂക്ഷിക്കുന്ന ആഗ്രഹമാണ് പരിശുദ്ധ ഹജ്ജ് കർമത്തിന് മക്കയിൽ പോവുകയെന്നത്. ഇതിനുള്ള ഒരുക്കങ്ങൾ അപേക്ഷ നൽകുമ്പോൾതന്നെ ആരംഭിക്കുന്നു. എന്നാൽ 75 ശതമാനം പേർക്കും ഈ വർഷം ഹജ്ജ് നിർവഹിക്കാൻ കഴിയാതെ വന്നിരിക്കുന്നു.

ഒരു അപേക്ഷകൻ അപേക്ഷ പൂരിപ്പിക്കുമ്പോൾ പാലിക്കേണ്ട നൂലാമാലകളാകട്ടെ വളരെ കൂടുതലാണ്. സൂക്ഷ്മതയോടെ മാത്രമേ അപേക്ഷ പൂരിപ്പിക്കാൻ കഴിയൂ. ഇതിനു വേണ്ടി പലപ്പോഴും മറ്റുള്ളവരുടെ സഹായം ആവശ്യമായിവരുന്നു. ഒരു ഗവ. മെഡിക്കൽ ഓഫീസറെ കണ്ട് ഹെൽത്ത് സർട്ടിഫിക്കറ്റ് വാങ്ങണം. ഒരു ഗസറ്റഡ് ഉദ്യോഗസ്ഥന്റെ സാക്ഷ്യവും വേണം. ഇതൊന്നും അത്ര എളുപ്പം നടക്കുന്ന കാര്യമല്ല. വലിയൊരു സംഖ്യ ചെലവഴിക്കേണ്ടിവരുന്നു. അപേക്ഷ പൂരിപ്പിച്ചുകഴിഞ്ഞാൽ അഞ്ചു രൂപ സ്റ്റാമ്പ് ഒട്ടിച്ച മൂന്ന് കവറുകൾ- ശേഷം 10700 രൂപ ബാങ്കിൽ അടച്ചതിന്റെ തെളിവും. ഇതിൽ ബാങ്കിന്റെ കാർഡ് നമ്പറും മാനേജറുടെ സീലും മൂന്ന് സ്ഥലത്ത് പതിപ്പിക്കണം. കൂടാതെ അപേക്ഷകന്റെ ഡസൻ കണക്കിനുള്ള പേരും ഒപ്പും കൈ അടയാളവും. അവസാനം പോസ്റ്റോഫീസിൽ പോയി രജിസ്റ്റർ ചെയ്ത് അയക്കണം. ഇതിന് 25 രൂപ. എല്ലാം കൂടി ഒരപേക്ഷകന് 1200 രൂപയെങ്കിലും ആകുമെന്ന് കണക്കാക്കുക. ഈ ചെയ്ത പണികളെല്ലാം ഒരു നിമിഷം കൊണ്ടാണ് പാഴാക്കിക്കളയുന്നത്. ബാങ്കിൽ അടച്ച 10700 രൂപ തിരിച്ചുകിട്ടണമെങ്കിൽ ചുരുങ്ങിയത് ആറു മാസമെങ്കിലും വേണം. എന്തിനാണ് ഇങ്ങനെ ഹജ്ജ് അപേക്ഷകരെ പീഡിപ്പിക്കുന്നത്?

ഇതു കൂടി ശ്രദ്ധിക്കുക. ആകെ അപേക്ഷകരിൽ, അപേക്ഷ പരിഗണിച്ചവരുടെ സംഖ്യ കിഴിച്ചാൽ, 2 കോടി 33 ലക്ഷം രൂപ സർക്കാർ മാസങ്ങളോളം ബാങ്കിൽ പിടിച്ചുവെക്കുകയാണ്. ഇതിന് എന്തു ന്യായമാണുള്ളത്? ഇതിനൊരു പരിഹാരം ഉണ്ടായേ മതിയാവൂ. മറ്റു രാജ്യങ്ങളിലൊന്നും ഹജ്ജ് രജിസ്ട്രേഷൻ പ്രക്രിയ ഇത്ര സങ്കീർണമല്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ഒന്നോ രണ്ടോ ഫോട്ടോകൾ മാത്രം വേണ്ടുന്ന അപേക്ഷാ ഫോറവും കുറഞ്ഞ രജിസ്ട്രേഷൻ ഫീസും വാങ്ങിക്കുക, കേരളത്തിന്റെ ക്വാട്ട അനുസരിച്ച് രജിസ്ട്രേഷൻ ക്രമത്തിൽ ഓരോ വർഷവും ഹജ്ജിന് അവസരം നൽകുക, അതത് വർഷം ഹജ്ജിന് പോകാൻ അവസരം ലഭിച്ചവരുടെ മാത്രം മുഴുവൻ സംഖ്യയും മറ്റു രേഖകളും ആവശ്യപ്പെടുക, ജീവിതത്തിൽ ഒരിക്കൽ മാത്രം ഹജ്ജിന് അനുമതി നൽകുക തുടങ്ങിയ കാര്യങ്ങൾ പ്രായോഗികമാക്കിയാൽ ഒരു പരിധിവരെ ഇതിനൊരു പരിഹാരമാവും.

**കെ.പി ബശീർ ഈരാറ്റുപേട്ട**

## കത്തുകൾ




## ബാധ്യത മറക്കുന്ന പണ്ഡിത സമൂഹം

**'വ്യാജദൈവങ്ങൾക്കെതിരെ** ഖുർആനിക പ്രതിരോധം' (ലക്കം 2) എന്ന ലേഖനം വായിച്ചു. ഇസ്‌ലാം കെട്ടിപ്പടുക്കപ്പെട്ടത് തൗഹീദിന്മേലാണ്. ബാക്കിയെല്ലാം അതിന്റെ ശാഖകൾ മാത്രം. ഇസ്‌ലാമിലെ ദൈവസങ്കൽപത്തിൽ ഇടയാളന്മാരോ മധ്യവർത്തികളോ ആവശ്യമില്ല. ഇത്തിക്ക

# സങ്കുചിത രാഷ്ട്രീയത്തിന്റെ അസഹിഷ്ണുത

**വ്യാജ** മതേതരത്വത്തിന്റെയും കപട ദേശീയതയുടെയും കുടില ശക്തികൾ, ലോകത്തിന്റെ ഏതു കോണിലായിരുന്നാലും സാക്ഷാൽ ജനാഭിലാഷത്തിന്റെയും ജനക്ഷേമ നടപടികളുടെയും പ്രയോക്താക്കളായി രംഗത്തു വരുന്ന സാത്വിക സംഘങ്ങളെ വെച്ചു പൊറുപ്പിക്കുകയില്ലെന്നതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് ബംഗ്ലാദേശിൽ നടക്കുന്ന ജമാഅത്ത് വേട്ട. അഴിമതിയും സ്വജനപക്ഷപാതവും ആഗോള പ്രതിഭാസമായി മാറിക്കഴിഞ്ഞ പുതിയ കാലത്ത് അഞ്ചു വർഷം കൃഷി-വ്യവസായ മന്ത്രിയായി ഭരണം നിർവഹിച്ചപ്പോൾ സുതാര്യവും അഴിമതിയുടെ കറ പുരളാത്തതുമായ പ്രവർത്തനം കാഴ്ചവെച്ച് 'അത്ഭുതം' കാണിച്ച ജമാഅത്തെ ഇസ്‌ലാമി പ്രതിനിധി മുതീഉർറഹ്മാൻ നിസാമിയെ ബംഗ്ലാദേശിലെ കെയർ ടെയ്ക്കർ ഗവൺമെന്റ് തുറുങ്കിലടച്ചിരിക്കുകയാണ്. കെയർ ടെയ്ക്കർ ഭരണം നീട്ടിക്കൊണ്ടുപോവാനുള്ള അടവ് മാത്രമാണ്, സംശുദ്ധ പ്രകടനം കാഴ്ചവെച്ച ജമാഅത്തിനെ അവസാനനിമിഷം പിടികൂടാൻ കാരണമെന്നാണ് നിഷ്പക്ഷ നിരീക്ഷകരുടെ വിലയിരുത്തൽ.

'അഴിമതിയാരോപണം വളരെയൊന്നും ഏൽക്കേണ്ടിവരാത്ത കക്ഷികളിലൊന്ന് ഖാലിദ സിയയുടെ സഖ്യകക്ഷിയും മതഭ്രാന്തന്മാരുമായ ജമാഅത്തെ ഇസ്‌ലാമിയാണെന്നുള്ളത് ബംഗ്ലാദേശിന്റെ ഭാവിയെപ്പറ്റി ശുഭപ്രതീക്ഷ പുലർത്താൻ സഹായിക്കുന്നില്ല' എന്നാണ് (*ദേശാഭിമാനി* 14.6.08) മാർക്സിസ്റ്റ് താത്ത്വികൻ പി. ഗോവിന്ദപിള്ളയുടെ കണ്ടെത്തൽ!

ജനക്ഷേമകരമായ സംശുദ്ധ ഭരണം കാഴ്ചവെച്ചവരാണെങ്കിലും അവർ തങ്ങളുടെ പ്രത്യയശാസ്ത്രത്തിന്റെ കൊടിവാഹകരല്ല എന്ന ഏക കാരണത്താൽ നാടിന്റെ ഭാവിയിൽ ശുഭപ്രതീക്ഷ പുലർത്താൻ, സങ്കുചിത രാഷ്ട്രീയ തത്ത്വസംഹിതയുടെ വരട്ട് തത്ത്വവാദികൾക്ക് കഴിയാതെ പോവുന്നത് തികച്ചും സ്വാഭാവികംതന്നെ.

**റഹ്മാൻ മധുരക്കുഴി**

ണ്ണികൾ പോലെ പടർന്നു പന്തലിച്ച ശൈഖുമാരുടെയും ബീവിമാരുടെയും സിദ്ധന്മാരുടെയും അടുത്ത് മാനസികവും ശാരീരികവുമായ സൗഖ്യത്തിനായി പായുന്നത് വിശ്വാസത്തിന്റെ ദൗർബല്യമാണ് കാണിക്കുന്നത്. പുണ്യാത്മാക്കൾ മാത്രമല്ല ഭ്രാന്തന്മാരും മനോരോഗികളും വരെ ഇഹപര സുഖത്തിനായി ഇവർ സമീപിക്കുന്നവരുടെ കൂട്ടത്തിലുണ്ട്.

വ്യാജദൈവങ്ങളെ സമീപിക്കുന്നവരിൽ മുൻപന്തിയിൽ വിദ്യാസമ്പന്നരും ഉയർന്ന വരുമാനക്കാരുമൊക്കെ തന്നെയാണുള്ളത്. ആധുനിക ഭൗതിക വിദ്യാഭ്യാസം അജ്ഞതയും അന്ധകാരവും അകറ്റാൻ കാരണമായിട്ടില്ല എന്നാണിത് കാണിക്കുന്നത്. യഥാർഥ ദൈവത്തെ അറിയുന്നതിലൂടെ മാത്രമേ മനുഷ്യമനസ്സിനെ ശുദ്ധീകരിക്കാൻ കഴിയൂ. 'നിങ്ങളിൽ ഏറ്റവും ഉത്തമൻ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനത്രെ' എന്ന നബിവചനം ഇവിടെ ഓർക്കാം. ഈ ജ്ഞാനത്തിന്റെ അഭാവം മനുഷ്യമനസ്സിനെ മലിനമാക്കും. മനുഷ്യ മനസ്സിലെ മാലിന്യങ്ങളെപ്പറ്റി ഖുർആൻ ഇടക്കിടെ ഉണർത്തുന്നത് അതുകൊണ്ടാണ്.

ആൾദൈവ സംസ്കാരത്തിൽ മനുഷ്യൻ അഭയം പ്രാപിക്കാനുണ്ടായ കാരണം ശാസ്ത്രവിജ്ഞാനത്തിന്റെ അഭാവമാണെന്ന് പലരും പറയുന്നുണ്ട്. ശാസ്ത്രത്തിന്റെ അനന്ത സാധ്യതകൾ ചൂഷണം ചെയ്ത്, ശൂന്യാകാശത്ത് വിനോദ സഞ്ചാരം നടത്താനൊരുങ്ങുന്ന ഈ വേളയിലും തേങ്ങയുടച്ച് നല്ല ദിവസം നോക്കുന്നത് ശാസ്ത്രജ്ഞർ തന്നെയാണല്ലോ. അപ്പോൾ ശാസ്ത്രജ്ഞാനത്തിന്റെ കുറവല്ല പ്രശ്നം. ഏതൊരു മനുഷ്യനും സ്രഷ്ടാവും പരിപാലകനുമായ ഒരു പരാശക്തിയെ അന്വേഷിക്കുന്നുണ്ട്. ആ അന്വേഷണം വഴിതെറ്റുമ്പോഴാണ് മനുഷ്യൻ ആൾദൈവങ്ങളിലും അന്ധവിശ്വാസങ്ങളിലും ചെന്നു വീഴുന്നത്. യഥാർഥ ദൈവത്തെക്കുറിച്ച ഈ ജ്ഞാനം സമൂഹത്തിന് പകർന്നുകൊടുക്കുക എന്നതാണ് പണ്ഡിത സമൂഹത്തിന്റെ ബാധ്യത. അപ്പോഴേ അവർ പ്രവാചകന്റെ അനന്തരാവകാശികളാവൂ.

**ഫൗസിയാ ശംസ് കണ്ണാടിക്കൽ**

## ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥയും ഇസ്‌ലാമിക ബാങ്കിംഗും

**മുതലാളിത്തം** സമൂഹത്തിലുണ്ടാക്കുന്ന ഏറ്റവും വലിയ തിന്മകളിലൊന്ന് വർധിച്ചുവരുന്ന സാമ്പത്തിക അസമത്വമാണ്. കടുത്ത ദാരിദ്ര്യം അനുഭവിക്കുന്ന ഒരു വിഭാഗത്തിന്റെ പൊട്ടിത്തെറി ഏതു നിമിഷവും ഒരു സാമൂഹിക കലാപമായി മാറാം. ഇത്തരമൊരവസ്ഥയിൽ ഇസ്‌ലാമിന്റെ ആദർശത്തിലും മൂല്യവ്യവസ്ഥയിലും അധിഷ്ഠിതമായ ഒരു സാമ്പത്തിക വ്യവസ്ഥയെക്കുറിച്ചുള്ള പ്രചാരണവും പ്രബോധനവും അസംതൃപ്തരിൽ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ വളർത്താനും സാമൂഹിക സമ്മർദം കുറക്കാനും സഹായിക്കും. വ്യവസ്ഥിതിയുടെ പരിമിതിക്കുള്ളിലും കഴിയുന്നത്ര ഇസ്‌ലാമികമായ ഒരു സാമ്പത്തിക വ്യവസ്ഥ നടപ്പാക്കാനും അതിന്റെ നന്മ സമൂഹത്തിലെത്തിക്കാനും മുസ്‌ലിം സമുദായത്തിന് കഴിയണം. മനുഷ്യൻ സമ്പത്തിന്റെ ഉടമയല്ല, വെറും കൈകാര്യകർത്താവാണ്, സമ്പത്ത് സമൂഹത്തിലെ ചിലരിൽ മാത്രം കേന്ദ്രീകരിക്കരുത്, മനുഷ്യരെല്ലാം അടിസ്ഥാനപരമായി തുല്യരാണ്, പലിശാധിഷ്ഠിത സാമ്പത്തിക വ്യവസ്ഥ അപകടകരമാണ്, സമ്പത്തിനെ ശുദ്ധീകരിക്കാൻ സകാത്ത് കൊടുക്കേണ്ടതുണ്ട്, സകാത്ത് ധനികന്റെ ഔദാര്യമല്ല, ദരിദ്രന്റെ അവകാശമാണ്, ദാനധർമങ്ങൾ ദൈവഭക്തിയുടെ ഏറ്റവും ശക്തമായ അടയാളങ്ങളിലൊന്നാണ്, അനാഥകളെയും അഗതികളെയും അവഗണിക്കുന്നവർ മതനിഷേധികളാണ് തുടങ്ങിയ ആശയങ്ങളാണ് ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥയുടെ അടിസ്ഥാനം. എന്നാൽ ഇപ്പോൾ പ്രസിദ്ധീകരണങ്ങളിൽ വരുന്ന ലേഖനങ്ങൾ വായിച്ചാൽ തോന്നുക ഇസ്‌ലാമിക വ്യവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട സംരംഭം ഇസ്‌ലാമിക ബാങ്കിംഗ് ആണെന്നാണ്. മുതലാളിത്തത്തിന്റെ ഒരു ഉൽപന്നം മാത്രമാണ് ബാങ്കിംഗ്. ബാങ്കിംഗിനെ ഇസ്‌ലാമികവത്കരിക്കാൻ ശ്രമിക്കുന്നത് പ്രധാനമാണെങ്കിൽ കൂടി, ഇസ്‌ലാമിക ബാങ്കിംഗ് തന്നെയാണ് ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥ എന്ന ധാരണ പരക്കുന്നത് സൂക്ഷിക്കണം.

**ഹനീഫ് വളാഞ്ചേരി**

## ചേന്ദമംഗല്ലൂരിനെപ്പറ്റി

**ചേന്ദമംഗല്ലൂരിലെ** ജമാഅത്ത് സ്ഥാപനങ്ങളെ വിമർശിച്ചുകൊണ്ട് സമകാലിക *മലയാളം* വാരികയിൽ വന്ന കുറിപ്പും അതിന് *മുജീബി*ന്റെ മറുപടിയും വായിച്ചു. അസത്യങ്ങളും അതിശയോക്തികളും കൊണ്ട് നിറച്ച കുറിപ്പിന് *മുജീബി*ന്റെ മറുപടി ഉചിതമായി. പ്രസ്ഥാന ബന്ധുക്കളല്ലാത്ത പലരും ജമാഅത്ത് സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിച്ചിരുന്നുവെന്നതും ഇന്നും അങ്ങനെ തുടരുന്നുവെന്നതും വിദ്വേഷത്തിന്റെ മഞ്ഞ കണ്ണടയഴിച്ചുവെച്ചു നോക്കിയാൽ ആർക്കും കാണാവുന്നതേയുള്ളൂ. 1980-'86 കാലയളവിൽ ചേന്ദമംഗല്ലൂർ ഇസ്‌ലാഹിയാ കോളേജിലെ വിദ്യാഭ്യാസ കാലഘട്ടത്തിൽ ഈയുള്ളവനെ ചരിത്രം പഠിപ്പിച്ചിരുന്നത് പളനിയപ്പൻ എന്ന തമിഴ് ഹിന്ദുവും ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത് മാണി സാർ എന്ന ക്രിസ്ത്യാനിയും അറബി സാഹിത്യം പഠിപ്പിച്ചിരുന്നത് അബുസ്സലാഹ് ബാഖവിയെന്ന മുജാഹിദ് പണ്ഡിതനും ഹദീസും മറ്റും പഠിപ്പിച്ചിരുന്നത് നന്മണ്ട അബൂബക്കർ മൗലവിയെന്ന മുജാഹിദ് ആശയക്കാരനുമൊക്കെയായിരുന്നു. മറ്റു പല അധ്യാപകരും പ്രസ്ഥാന ബന്ധുക്കളായിരുന്നില്ല. ഞങ്ങളെപ്പോലുള്ള ആയിരങ്ങൾ സർക്കാർ സ്ഥാപനങ്ങളിലും വിദേശത്തും ജോലി ചെയ്യുന്നു എന്നതു മാത്രം മതി ആ സ്ഥാപനത്തിന്റെ മഹത്ത്വം വിളിച്ചറിയിക്കാൻ. 'ഒരു സമൂഹത്തോടുള്ള വിദ്വേഷം അനീതിക്ക് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ' എന്ന ഖുർആൻ വചനം വിമർശകർ ഓർക്കുന്നത് നന്നായിരിക്കും.

**മുഹമ്മദ് റാഫി ഷാർജ**

## പാഠപുസ്തകങ്ങളിലെ മതനിരാസം

**സ്കൂൾ** പാഠപുസ്തകങ്ങളെക്കുറിച്ച വിവാദമാണ് ഈ കുറിപ്പെഴുതാൻ പ്രേരണ. മതാധിഷ്ഠിത ജീവിതം നയിക്കുന്നവരാണ് ഇന്ത്യൻ സമൂഹം. വിവിധ മതക്കാർ പരസ്പരം സഹിഷ്ണുതയോടെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ഒരു പാരമ്പര്യമാണ് നമുക്കുള്ളത്.

പാഠപുസ്തകങ്ങളിൽനിന്നും മതത്തെ നിരാകരിക്കുന്നതോ അത്തരത്തിലുള്ള സൂചന നൽകുന്നതോ ആയ എല്ലാ ഭാഗങ്ങളും നീക്കം ചെയ്യുന്നതാണ് ഗുണകരം. മതങ്ങളുടെ നല്ല വശങ്ങൾക്ക് ഊന്നൽ നൽകണം. അവയിലെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം. ശരിയായ മതത്തിൽ വിശ്വസിക്കാൻ അവരെ പ്രാപ്തരാക്കണം. ഇതിനാണ് വിദ്യാഭ്യാസമേഖല കൈകാര്യം ചെയ്യുന്നവർ ശ്രമിക്കേണ്ടത്.

**കെ. പ്രവീൺ കുമാർ കുന്ദമംഗലം**

## ചുരുക്കെഴുത്ത്

**ഡോ. സമീർ** യൂനുസ് എഴുതിയ 'സങ്കടത്താൽ വിരൽ കടിക്കുന്നു' എന്ന ലേഖനം ചിന്താർഹമായി. ദാമ്പത്യജീവിതത്തിലെ ചെറിയ പ്രശ്നങ്ങൾ ഊതിപ്പെരുപ്പിച്ച് കുടുംബം തകർക്കാൻ ശ്രമിക്കുന്ന പുറംശക്തികളെ കരുതിയിരിക്കണമെന്നാണ് ലേഖകന്റെ മുന്നറിയിപ്പ്

**മുജീബുർറഹ്മാൻ പുല്ലാര**